**തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : O/o Additional Director (DE) PD LSGD)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് –ജീവനക്കാര്യം - ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുന്നു

ഉത്തരവ് നമ്പർ .<LSGD/3424/2023-DEE6>തീയതി:04-02-2025

പരാമർശം:
1) തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ 21-01-2025 തീയതിയിലെ LSGD/PD/31698/2024-DEC5 നമ്പർ ഉത്തരവ്
2) തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ 27-12-2024 തീയതിയിലെ LSGD/PD/26488/GEA2 നമ്പർ ഉത്തരവ് പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
3) GO(P) 27/21/FIN dated: 10.02.2021

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ (മുൻ ടൗൺ & കൺട്രി പ്ളാനിങ്) വകുപ്പിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന് സീനിയർ ക്ലർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ വന്ന ഒഴിവിലേക്ക് സൂചന (2) ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ അർഹനായ ജീവനക്കാരന് ടിയാന്റെ പേരിന് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 37,400-79,000/- ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

**സീനിയർ ഗ്രേഡ്**

| ക്രമ നമ്പർ | സീനിയോരിറ്റി നമ്പർ | പേര് | നിലവിലെ സ്റ്റേഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 1 | ഹരി എം ജി | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | 24.01.2025 |

മേൽ ഖണ്ഡിക പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രമോഷൻ നൽകിയത് വഴി യു ഡി ടൈപ്പിസ്റ്റ് തസ്തികയിൽ വന്നിട്ടുള്ള ഒരു ഒഴിവിലേക്ക് സൂചന (2) ലെ സീനിയോറിറ്റി പട്ടിക പ്രകാരം അർഹയായ ജീവനക്കാരിക്ക് ടി ജീവനക്കാരിയുടെ പേരിനു നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 35,600-75,400/- ശമ്പള സ്കെയിലിൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

**യു ഡി ടൈപ്പിസ്റ്റ്**

| ക്രമ നമ്പർ | സീനിയോരിറ്റി നമ്പർ | പേര് | നിലവിലെ സ്റ്റേഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 1 | രോഹിണി എം കെ | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കാസറഗോഡ് | 24.01.2025 |

റേഷ്യോ പ്രൊമോഷൻ ലഭിച്ച മേൽ ജീവനക്കാരുടെ നിയമനം പൊതുസ്ഥലമാറ്റ ഉത്തരവുകൾക്കും, തദ്ദേശ സ്വയഭരണവകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ ജില്ലാതലത്തിൽ സ്ഥിരപ്പെടുത്തുമ്പോഴും അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം/നിയമനം നല്കുന്നതിലേക്കായി പുനഃപരിശോധിക്കുന്നതായിരിക്കും. പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റേണ്ടുന്നതായി കാണുന്നപക്ഷം, നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് മേൽ ജീവനക്കാർക്ക്

അർഹതയുണ്ടായിരിക്കുന്നതല്ല. ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്. ഈ ഉത്തരവ് വഴി റേഷ്യോ പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാരുടെ ശമ്പളം പുനർനിർണയിച്ച് ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള ജീവനക്കാർ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള തസ്തികയിലെ ശമ്പള നിർണയത്തിന് മേൽ പരാമർശിത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഡിക്ലറേഷൻ ബന്ധപ്പെട്ട മേലധികാരിക്ക് നൽകേണ്ടതാണ്.

Ajithkumar M P
ADDITIONAL DIRECTOR

പകർപ്പ് :
1. സി എ, പ്രിൻസിപ്പൽ ഡയറക്ടർ
2. ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരികൾ മുഖേന)
3. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. സൂപ്രണ്ട്, IE, GEA, IT സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധികരണത്തിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 04-02-2025 11:09:29